ഉത്തരം

(എ & ബി) ശ്രീമതി മേരി തോമസ്, പുത്തൻവീട്ടിൽ, കോവല്ലൂർ പി. ഒ., മാവേലിക്കര എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ ആലപ്പുഴ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആലപ്പുഴ, ഗ്രാമവികസന കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നിവരെ പ്രത്യേകം പ്രത്യേകമായി നിയോഗിച്ച് മുന്ന പ്രാവശ്യം അന്വേഷണം നടത്തുകയും ടി ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയായ ശ്രീമതി മേരി തോമസിന് മറുപടി നൽകിയിട്ടുണ്ട്.

(സി) ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിലെ 2013-14-ലെ ഐ.എ.വൈ. ഗുണഭോക്താവായ ശ്രീമതി മേരി തോമസ് ഐ.എ.വൈ. പദ്ധതി പ്രകാരം 1,60,000 രൂപ കൈപ്പറ്റി വീടുനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്താവ് നിർമ്മിച്ച വീടിന്റെ വിസ്തീർണ്ണം 1053 sqf. (98.04 m^2) ആണ്. 2013-14 വർഷത്തിലെ ഐ.എ.വൈ. വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം 82.5 m^2 ആയാണ് സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 82.5 m2 പരിധിക്കകത്തുള്ള വീട് നിർമ്മിക്കുന്നതിന് ടി ഗുണഭോക്താവ് ബാധ്യസ്ഥയാണ്. എന്നാൽ ശ്രീമതി മേരി തോമസ് നിർമ്മിച്ചിരിക്കുന്ന വീടിന്റെ തറ വിസ്തീർണ്ണം സർക്കാർ അനുവദിച്ചിട്ടുള്ള പരമാവധി തറ വിസ്തീർണ്ണമായ 82.5 m^2-നും മുകളിലായതിനാലാണ് ടി ഗുണഭോക്താവിന് തുടർഗഡു ധനസഹായം അനുവദിക്കാതിരുന്നത്. ടി വിവരം ശ്രീമതി മേരി തോമസിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

പ്ലാച്ചിമട കൊക്കകോള നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ

8 (3099) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കകോള നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് പകരം ഭേദഗതി ചെയ്ത വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ ബില്ല് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽനിന്നും അനുകൂലമായി നേടിയെടുക്കുന്നതിൽ പരാജയപ്പെടാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വിഷയത്തിൽ കേരള ജനതയ്ക്കെതിരെയുള്ള തീരുമാനം വരാൻ ഇടയായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കമ്പനിയുടെ പ്രവർത്തനംമൂലം നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ഇതിലേക്കായി പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കാതെ തന്നെ സിവിൽ കോടതികളെ സമീപിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തുകൊണ്ടും കേസ് ഫയൽ ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കിക്കൊണ്ടും പുതിയൊരു ബിൽ കൊണ്ടുവരുന്നതിന് തടസ്സമുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) കേരള നിയമസഭ പാസ്സാക്കിയ 'പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011', ഭരണഘടനയുടെ ആർട്ടിക്കിൾ 201 പ്രകാരം ബഹുമാനപ്പെട്ട ഗവർണർ 29-3-2011-ൽ ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു. എന്നാൽ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവന ചെയ്തിട്ടുള്ള നിയമവുമായി പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയയ്ക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനത ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി 19-9-2015-ൽ വീണ്ടും അയയ്ക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയയ്ക്കുകയായിരുന്നു. ഇക്കാര്യം സർക്കാർ നിയമസഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എല്ലാമാർഗ്ഗം സ്വീകരിക്കാമെന്ന് സർക്കാർ നിയമവിദഗ്ധരുമായി കൂടിയാലോചിച്ചുവരികയാണ്.

സർക്കാർ ഓഫീസുകളുടെ സൗകര്യം വർദ്ധിപ്പിക്കൽ

9 (3101) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ നിലവിലുള്ള സൗകര്യങ്ങൾ മതിയെന്ന് കരുതുന്നുണ്ടോ, വിവിധ സേവനങ്ങൾക്കെത്തുന്ന ജനങ്ങൾക്കും ജോലി ചെയ്യുന്ന ജീവനക്കാർക്കും എല്ലാവിധ സൗകര്യങ്ങളും ഓഫീസുകളിൽ ഉണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly